# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 316

23-06-2014 ൽ മറുപടിക്ക്

### എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമനിക് പ്രസന്റേഷൻ :<br>ശ്രീ. ഹൈബി ഈഡൻ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ) എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി വരുന്നുണ്ട്. |
| ബി) പരിശീലനം നൽകുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; | ബി) തൃശ്ശൂരിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് എക്സൈസ് അക്കാഡമി & റിസർച്ച് സെന്ററിൽ സിവിൽ എക്സൈസ് ഓഫീസർമാരുടെ ബേസിക് ട്രെയിനിംഗും, എക്സൈസ് ഡ്രൈവർമാരുടെ പരിശീലനവും നടന്നു വരുന്നു, കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ മുതൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ വരെയുള്ള എല്ലാ ഉദ്യോഗസ്ഥർക്കും അഞ്ച് ദിവസം വീതം |

ദൈർഘ്യമുള്ള ഇൻ-സർവ്വീസ് പരിശീലനം വിവിധ വിഷയങ്ങളിൽ നടത്തിവരുന്നുണ്ട്. ഇതോടൊപ്പം വകുപ്പിൽ പുതുതായി നിയമനം ലഭിച്ച വനിതാ സിവിൽ എക്സൈസ് ഓഫീസർമാർക്ക് പ്രാഥമിക പരിശീലനം നൽകുന്നതിനുള്ള തയ്യാറെടുപ്പുകൾ ത്വരിതഗതിയിൽ നടത്തിവരികയാണ്. എക്സൈസ് അക്കാദമിയിൽ ആയുധപരിശീലനം നൽകുന്നതിനുള്ള സൗകര്യം ഇല്ലാത്തതിനാൽ എക്സൈസ് ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ (നേരിട്ട് നിയമനം ലഭിക്കുന്ന) എന്നീ തസ്തികയിലുള്ളവരുടെ പ്രാഥമിക പരിശീലനം നടത്തിവരുന്നത് നിലവിൽ കേരള പോലീസ് അക്കാദമിയിലും പോലീസ് ട്രെയിനിംഗ് കോളേജിലും വെച്ചാണ്.

| | |
|---|---|
| സി) പരിശീലനത്തിനായി മൊഡ്യൂൾ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | സി) പരിശീലനത്തിനായി മൊഡ്യൂൾ തയ്യാറാക്കിയിട്ടുള്ളതാണ്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>സിവിൽ എക്സൈസ് ഓഫീസർമാർക്ക് 90 പ്രവർത്തി ദിവസം നൽകുന്ന പരിശീലനത്തിൽ ഔട്ട്ഡോർ, ഇൻഡോർ വിഷയങ്ങൾക്ക് പുറമെ നീന്തൽ, കമ്പ്യൂട്ടർ, ജംഗിൾ ട്രെയിനിംഗ് എന്നിവയും ഉൾപ്പെടുന്നു. ഔട്ട്ഡോർ വിഷയത്തിന് നീക്കി വച്ചിട്ടുള്ള 540 പീരിയഡുകളിൽ പ്രധാനമായും |

ഫിസിക്കൽ ട്രെയിനിംഗിന് 68 പിരീഡും, ഡ്രീൽ വിത്ത്ഔട്ട് ആംസിന് 178 പിരീഡും, ലത്തി പരിശീലനത്തിന് 72 പിരീഡും, ക്രോസ്കൺട്രി റേയ്സിന് 6 പിരീഡും, ശ്രമദാനത്തിന് 28 പിരീഡും, റോഡ് വാക്ക് & റൺസിന് 7 പിരീഡും നീക്കി വച്ചിട്ടുള്ളതാണ്. ഡ്രൈവിംഗ്, നീന്തൽ പരിശീലനത്തിന് 30 പിരീഡുകൾ നീക്കി വച്ചിരിക്കുന്നു.

ഇൻഡോർ വിഷയങ്ങളിൽ ആകെയുള്ള 360 പിരീഡുകളിൽ അബ്കാരി, എൻ.ഡി.പി.എസ്. സംബന്ധമായ കേസുകൾ കണ്ടെത്തി അന്വേഷണം നടത്തി കുറ്റപത്രം കോടതിയിൽ സമർപ്പിക്കുന്നതിന് 82 പിരീഡും, അബ്കാരി ആക്ടിന് 64 പിരീഡും, എൻ.ഡി.പി.എസ്. ആക്ടിന് 12 പിരീഡും, എം & റ്റി.പി ആക്ടിന് 16 പിരീഡും, ബ്രുവറി റൂൾസ്, ഡിസ്റ്റിലറി & വെയർഹൗസ് റൂൾസ്, വൈനറി റൂൾസ്, ലിക്വർ ട്രാൻസിറ്റ് റൂൾസ്, റെക്ടിഫൈഡ് സ്പിരിറ്റ് റൂൾസ്, അബ്കാരി ഷോപ്പ്സ് ഡിസ്പോസൽ റൂൾസ്, അബ്കാരി ഡിസ്പോസൽ ഓഫ് കോൺഫിസ്ക്കേറ്റഡ് ആർട്ടിക്കിൾസ് റൂൾസ്, ഫോറിൻ ലിക്വർ റൂൾസ്, കൊച്ചിൻ മാസ് വൈൻ റൂൾസ് മുതലായ നിയമങ്ങൾക്ക് 58 പിരീഡുകളും കൂടാതെ എക്സൈസ് മാനുവൽ, എക്സൈസ് ഇന്റലിജൻസ്, എക്സൈസ് റെയ്ഡ് എന്നീ വിഷയങ്ങളിൽ 20 പിരീഡുകളും

നീക്കി വച്ചിരിക്കുന്നു. മേൽ വിഷയങ്ങൾ കൂടാതെ സി.ആർ.പി.സി., ഐ.പി.സി, എവിഡൻസ് ആക്ട്, വിവരാവകാശ നിയമം, ഉപഭോക്തൃ സംരക്ഷണ നിയമം, വ്യക്തിത്വ വികസനം, പ്രാഥമിക ശുശ്രൂഷ, മനുഷ്യാവകാശ നിയമം, സ്ട്രെസ്സ് മാനേജ്മെന്റ്, ദേശീയഗാനം, ദേശീയപതാക, കെ.എസ്.ആർ, ട്രഷറി കോഡ്, എം.ഒ.പി മുതലായ വിഷയങ്ങളിലും പരിശീലനം നൽകി വരുന്നുണ്ട്.

എക്സൈസ് ഡ്രൈവർമാരുടെ 3 മാസ പരിശീലന കാലയളവിൽ എക്സൈസ് വകുപ്പ് കൈകാര്യം ചെയ്യുന്ന വിവിധ നിയമങ്ങളും ചട്ടങ്ങളും വകുപ്പു വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, പരിപാലനം, ലോഗ്ബുക്ക്, ട്രിപ്പ്ഷീറ്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള പരിചയം, ട്രാഫിക് നിയമങ്ങൾ റോഡ് സുരക്ഷ, ദേശീയ പതാക, മനുഷ്യാവകാശ നിയമം എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(signature)

സെക്ഷൻ ആഫീസർ